# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283 — 12.10.2011-ൽ മറുപടിയ്ക്ക്

## ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ .ബേബി<br>ഡോ.കെ.ടി. ജലീൽ<br>ശ്രീ. സാജു പോൾ<br>ശ്രീ. ബി. സത്യൻ | ശ്രീ . കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പുമന്ത്രി |
| (എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സംസ്ഥാനത്തെ പച്ചക്കറികൃഷി വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പച്ചക്കറികൃഷി വികസനത്തിനായി താഴെ പ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു:- കർഷക കൂട്ടായ്മ രൂപീകരണം, അരലക്ഷം രൂപ ധനസഹായത്തോടു കൂടി രണ്ട് യൂണിറ്റ് സ്വകാര്യമേഖലയിലും ഒന്നര ലക്ഷം രൂപ ധനസഹായത്തോടു കൂടി മൂന്ന് യൂണിറ്റ് പൊതുമേഖലയിലും ഗുണ മേന്മയുള്ള പച്ചക്കറി വിത്തുത്പാദനം, 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉത്പാദനം, 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 30 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ഒന്നര ലക്ഷം രൂപ ധനസഹായത്തോടു കൂടി 30 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, 375 ലക്ഷം രൂപ ധനസഹായത്തോടുകൂടി 15000 കുടുംബങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടം, 4.5 ലക്ഷം രൂപ ധനസഹായത്തോടു കൂടി 2000 വീടുകളിൽ അടുക്കളത്തോട്ടം, 90 ലക്ഷം രൂപ ധനസഹായത്തോടെ 400 ഹെക്ടർ തുറസ്സായ സ്ഥലങ്ങളിലെ പച്ചക്കറി കൃഷി, 20 ഹെക്ടർ സ്ഥലത്ത് 4.5 ലക്ഷം |

| | | | |
|---|---|---|---|
| | | | ധനസഹായത്തോടെ സങ്കരയിനം പച്ചക്കറികൃഷി, 55.195 ലക്ഷം രൂപ ധനസഹായത്തോടുകൂടി സംരക്ഷിത കൃഷി, 6 ലക്ഷം രൂപ ധനസഹായത്തോടു കൂടി 600 ഹെക്ടർ സ്ഥലത്ത് സംയോജിത കീട-രോഗ നിയന്ത്രണം, 2.1825 ലക്ഷം രൂപ ധനസഹായത്തോടു കൂടി കൂൺകൃഷി, 38.90 ലക്ഷം രൂപ ധനസഹായത്തോടു കൂടി മാതൃകാ പ്രദർശനത്തോട്ടങ്ങൾ, 6 ലക്ഷം രൂപ ധനസഹായത്തോടു കൂടി ഒരു മൊബൈൽ അഗ്രോക്ലിനിക്ക്, 5 ലക്ഷം രൂപ ധനസഹായത്തോടു കൂടി 5 സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ . |
| (ബി) | മിഷന്റെ പ്രവർത്തനങ്ങൾ വഴി ഈ വർഷം ലക്ഷ്യമിട്ട പച്ചക്കറിയുടെ അധിക ഉല്പാദനം എത്രയാണ്; | (ബി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-RKVY സംയുക്ത പദ്ധതിയായ പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന തിരുവനന്തപുരത്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടുപ്പാവുകൃഷിയിലൂടെ 7500 മെട്രിക് ടൺ പച്ചക്കറിയുടെ അധിക ഉത്പാദനവും ഗ്രാമപ്രദേശങ്ങളിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിലൂടെ 18698 മെട്രിക് ടൺ പച്ചക്കറിയുടെ അധിക ഉത്പാദനവും ലക്ഷ്യമിട്ടിരിക്കുകയാണ്. |
| (സി) | മിഷൻ പുതുതായി എത്രതോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി; കുരുമുളക്, കശുവണ്ടി, കോക്കോ എന്നിവയെ പുനരുദ്ധരിക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കുരുമുളക്, കശുമാവ്, കൊക്കോ എന്നിവയുടെ പ്രായം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ മരങ്ങൾ മുറിച്ച്മാറ്റി പകരം അത്യുത്പാദനശേഷിയുള്ള തൈകൾ വെച്ച് പിടിപ്പിക്കുന്നതിനും, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഇതിനായി ഹെക്ടർ ഒന്നിന് മൊത്തം ചെലവ് വരുന്ന 30,000 രൂപയുടെ 50 ശതമാനം, അതായത് 15,000 രൂപ |

ധനസഹായമായി നൽകുന്നു. ഒരു കർഷകന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകുന്നത്. കുരുമുളക് പുനരുദ്ധാരണത്തിനുള്ള പദ്ധതി ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. എന്നാൽ ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസസ് ബോർഡ് മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് എജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (KSACC) മുഖാന്തിരംമാണ് കാശുമാവിന്റെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നത്. കൊക്കോ പുനരുദ്ധാരണത്തിനുള്ള പദ്ധതി എല്ലാ ജില്ലകളിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

(ഡി) വിളവെടുപ്പിന് ശേഷമുള്ള എന്തെല്ലാം പ്രവർത്തനങ്ങളെയാണ് മിഷൻ നിയന്ത്രിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) വിളവെടുപ്പാനന്തര പരിപാലനത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിൻ കീഴിൽ ധനസഹായം നൽകി വരുന്നുണ്ട്. ഇതനുസരിച്ച് പായ്ക്ക് ഹൗസുകൾ, കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ, റീഫർ വാനുകൾ, റൈപ്പനിംഗ് ചേമ്പർ എന്നിവ സ്ഥാപിക്കുന്നതിന് ധന സഹായം നൽകിവരുന്നു. കൂടാതെ വിപണികളുടെ

അടിസ്ഥാന സൗകര്യ വികസനത്തിനും ദേശീയ ഹോർട്ടികൾച്ച മിഷൻ പദ്ധതിയുടെ കീഴിൽ ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്. ഇതിനുസരിച്ച് ഗ്രാമീണ വിപണികൾ, ചില്ലറ വില്പ്പനശാലകൾ,

**കാർഷികോത്പ്പന്നങ്ങൾ തരംതിരിക്കുന്നതിനും ഗ്രേഡിംഗിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.**

R.R.Bcl'ge

സെക്ഷൻ ഓഫീസർ